വിശകലനം ചെയ്യാം

"ഒരു തെളിഞ്ഞ മുഖം കാണാൻ അവൾക്ക് സാധിച്ചിരുന്നില്ല " ഈ പ്രസ്താവന അക്കമ്മയുടെ ഗ്രാമ ജീവിത പശ്ചാത്തലവുമായി ബന്ധപ്പെടുത്തി വിശദീകരിക്കു

അക്കമ്മയുടെ നാടിൻെറ ദാരിദ്ര്യവും കഷ്ടപ്പാടും ആണ് ഇവിടെ നമുക്ക് കാണാൻകഴിയുന്നത്.പാറക്കുന്നുകൾക്ക് നടുവിൽ ആയിരുന്നു അക്കമ്മയുടെ ഗ്രാമം. അവിടുത്തെ ജനങ്ങളുടെ ജീവിതം വളരെ ദുരിത പൂർണമായിരുന്നു. അക്കമ്മയുടെ ജീവിതവും അതുപോലെ ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞതായിരുന്നു. അവൾക്ക് ഒരിക്കലും ജീവിതത്തിൽ സന്തോഷിക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് തന്നെ അക്കമ്മക്ക് ഗ്രാമത്തിൽ ഒരു തെളിഞ്ഞ മുഖം കാണാൻ സാധിച്ചിരുന്നില്ല.

"തെങ്ങ് മുഖംതാഴ്ത്തി അവളെ ഉറ്റുനോക്കി "

" അവളുടെ തലമുടിയിലേക്ക് തെങ്ങിൻറെ ഇമകൾ തോർന്നു "

" തെങ്ങുകൾ കൃതജ്ഞതയോടെ മന്ത്രിച്ചു "

ഈ പ്രയോഗങ്ങളിൽ തെളിയുന്ന പ്രകൃതിയും അക്കമ്മയും തമ്മിലുള്ള ആത്മബന്ധം വ്യക്തമാക്കുക

പ്രകൃതിയെ ഏറെ സ്നേഹിക്കുന്ന അക്കമ്മ എല്ലാ ജീവജാലങ്ങളെയും തന്നെപ്പോലെ കണക്കാക്കുന്നു.മഴ നനഞ്ഞ് അനാഥ കുഞ്ഞുങ്ങളെപ്പോലെ കിടക്കുന്ന തേങ്ങകളെ സുരക്ഷിതമായി തേങ്ങാക്കൂട്ടിൽ എത്തിക്കുന്ന അക്കമ്മയോട് തെങ്ങുകൾ നന്ദി അറിയിക്കുന്നു.അവരുടെ ഓലകൾ ആകുന്ന കൺപീലികളിൽ നിന്ന് കണ്ണീരുപോലെ വെള്ളം ഇറ്റു വീഴുന്ന പ്രകൃതി തന്റെ സ്നേഹത്തിന് നന്ദി രേഖപ്പെടുത്തുകയാണ് എന്ന് അക്കമ്മയ്ക്ക്തോന്നുന്നു.'മുഖംതാഴ്ത്തി ' 'ഇമകൾ തോർന്നു ' 'കൃതജ്ഞതയോടെ മന്ത്രിച്ചു ' എന്നീ പദങ്ങളിലൂടെ തെങ്ങുകൾക്ക് മനുഷ്യ ഭാവമാണ്കഥാകാരിനൽകിയിരിക്കുന്നത്.

അക്കമ്മ പൈതൃമായി കാണുന്നതും സംഗീത ചേച്ചി പെണ്ണിന്റെ പ്രാന്തായി കാണുന്നതും രണ്ടു കാഴ്ചപ്പാടുകളാണ് ചർച്ച ചെയ്ത് എഴുതൂ

ഗ്രാമത്തിൽ ജനിച്ചുവളർന്ന അക്കമ്മയ്ക്ക് പ്രകൃതിയോട് വലിയ സ്നേഹമാണ് കൃഷിയിൽ അച്ഛനെ സഹായിച്ചാണ് അക്കമ്മ വളർന്നത് അതുകൊണ്ട് അക്കമ്മയ്ക്ക് തെങ്ങും തേങ്ങയും വളരെ വിലപ്പെട്ടതാണ്. തേങ്ങ പെറുക്കിക്കൂട്ടുന്ന തന്റെ കടമയായി അക്കമ്മ കാണുന്നു. എന്നാൽ പട്ടണത്തിൽ ജനിച്ചു വളർന്ന സംഗീതയ്ക്ക് ആകട്ടെ പ്രകൃതിയുമായോ കൃഷിയുമായോ യാതൊരു ബന്ധവുമില്ല അതുകൊണ്ടാണ് അക്കമ്മയുടെ പ്രവർത്തി അവൾക്ക് പ്രാന്തായി തോന്നുന്നത്.

ആസ്വാദനക്കുറിപ്പ്

എഴുത്തുകാരി ശ്രീമതി പി. വത്സലയുടെ ചെറുകഥയാണ് തേങ്ങ. പ്രകൃതിയും മനുഷ്യനും തമ്മിൽ ആഴത്തിലുള്ള ബന്ധം വരച്ചുകാട്ടുന്ന കഥയാണ് തേങ്ങ. ഗ്രാമത്തിൽ ജനിച്ചു വളർന്ന അക്കമ്മ എന്ന പെൺകുട്ടി വീട്ടുജോലിക്കായി നഗരത്തിലെ ഒരു വലിയ വീട്ടിലെത്തുന്ന കഥയാണിത്. പാവപ്പെട്ട ജനങ്ങൾ ജീവിക്കുന്ന നാട്ടിൽ നിന്നാണ് അക്കമ്മ വരുന്നത്.അക്കമ്മയ്ക്ക് പ്രകൃതിയോട് വളരെ സ്നേഹമാണ്. ഗ്രാമത്തിൽ ആയിരുന്നപ്പോ അവൾ അച്ഛനെ കൃഷിയിലും മറ്റും സഹായിച്ചിരുന്നു. അതു കൊണ്ട് തന്നെ അവൾക്ക് ബംഗ്ലാവിലെത്തിയപ്പോൾ ആരും ശ്രദ്ധിക്കാതെ കിടന്ന ആ തെങ്ങിൻതോപ്പും അനാഥമായി കിടന്ന തേങ്ങകളും കണ്ടപ്പോൾ വളരെ വിഷമമായി . അവൾ തേങ്ങകളെല്ലാം പെറുക്കി സുരക്ഷിതമായി അറയിൽ ആക്കി .പ്രകൃതിയോടും കൃഷിയോടും കുട്ടിക്കാലം മുതലുള്ള അവളുടെ ഇഷ്ടമാണ് ഇവിടെ നമുക്ക് കാണാൻ കഴിയുന്നത്.ആ വീട്ടിലെ മുതിർന്ന കുട്ടിയായ സംഗീത നഗരത്തിൽ ജനിച്ചു വളർന്നവളാണ്.കൃഷിയുമായോ പ്രകൃതിയുമായോ യാതൊരു ബന്ധവുമില്ല.അക്കമ്മയുടെ ഈ പ്രവർത്തി എല്ലാം ഭ്രാന്തായാണ് അവൾക്ക് തോന്നുന്നത്.ഇന്ന് തെങ്ങിൻതോപ്പ് ഉള്ള സ്ഥലം പണ്ട് ഒരു മൊട്ടക്കുന്നായിരുന്നു .വീട്ടമ്മയുടെ അച്ഛൻ സ്വന്തം മക്കളെപ്പോലെ നോക്കി ഉണ്ടാക്കിയതാണ് ഈ തെങ്ങിൻ തോപ്പ്. അക്കമ്മ തേങ്ങ പെറുക്കിയെടുത്ത് തേങ്ങാ പുരയിൽ കൊണ്ടിട്ടത് കണ്ടപ്പോൾ വീട്ടമ്മയ്ക്ക് തന്നെ അച്ഛനെ ഓർമ്മ വന്നു.അച്ഛനെപ്പോലെ പ്രകൃതിസ്നേഹിയാണ് അക്കമ്മ എന്ന് അവ മനസ്സിലാകുന്നു. അവർക്ക് അക്കമ്മയോട് വല്ലാത്ത ഒരു അടുപ്പവും തോന്നുന്നു. വീട്ടമ്മ അവളെ ചെന്ന് പുണരുന്നു. ഈ കഥയിലൂടെ പി .വത്സല എന്ന എഴുത്തുകാരി പ്രകൃതി സ്നേഹത്തെ കുറിച്ചാണ് വ്യക്തമാക്കുന്നത്. പ്രകൃതിയിലെ ഓരോ വസ്തുക്കൾക്കും മാനുഷിക പരിഗണന നൽകി നമുക്കു മുന്നിൽ അവതരിപ്പിക്കുന്നു പ്രകൃതിക്ക് ഒരു ഭാഷയുണ്ട് നമ്മൾ പ്രകൃതിയോട് സ്നേഹം കാണിച്ചാൽ തിരിച്ച് പ്രകൃതി മനുഷ്യനോടും സ്നേഹം കാണിക്കും എന്ന് ഈ കഥയിലൂടെ കഥാകാരി വരച്ചു കാട്ടുന്നു.